# പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം.411     24-01-2018-ലെ മറുപടിക്ക്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി വീണാ ജോർജ്ജ് | ഡോ.ടി.എം. തോമസ് ഐസക്ക്<br>ധനകാര്യവും കയറും വകുപ്പ് മന്ത്രി |

**<u>സാമ്പത്തിക പ്രതിസന്ധി</u>**

| | | |
|---|---|---|
| (എ) | സാമ്പത്തിക പ്രതിസന്ധിയെ അതിജീവിക്കാൻ എന്തെല്ലാം മാർഗ്ഗങ്ങളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ ; | നോട്ട് നിരോധനത്തിന്റെ ഫലമായി തുടർന്നുവന്ന സാമ്പത്തിക അനിശ്ചിതാവസ്ഥയും വേണ്ടത്ര മുന്നൊരുക്കമില്ലാതെയും ധൃതിപിടിച്ചും ജി.എസ്.ടി നടപ്പിലാക്കിയതുമൂലം ദേശീയതലത്തിൽ പൊതുവായുണ്ടായിട്ടുള്ള സാമ്പത്തിക ഞെരുക്കം സംസ്ഥാനത്തെയും ബാധിച്ചിട്ടുണ്ട്. ചരക്കു സേവന നികുതിയിൽ നിന്നുള്ള വരവും കേന്ദ്രത്തിൽനിന്നുള്ള നികുതി വിഹിതത്തിന്റെ കൈമാറ്റവും സംസ്ഥാനത്തിന്റെ ചെലവുകളുടെ ക്രമവും തമ്മിലുള്ള അന്തരം ദൈനംദിന പ്രവർത്തനങ്ങളെ ബാധിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ ശമ്പളവും പെൻഷനുമടക്കമുള്ള റവന്യു ചെലവിന്റെ സിംഹഭാഗവും കേന്ദ്രീകരിച്ചിരിക്കുന്നത് മാസത്തിന്റെ ആദ്യ പ്രവർത്തിദിനങ്ങളിലാണ്. കേന്ദ്രത്തിൽ നിന്നുള്ള നികുതി വിഹിതം മുൻകാലങ്ങളിൽ എല്ലാമാസവും ആദ്യ പ്രവർത്തിദിനത്തിൽ ലഭിച്ചുകൊണ്ടിരുന്നത് 15-ാം തീയതിയാക്കി കേന്ദ്ര സർക്കാർ പുനക്രമീകരിച്ചു. ഇതുകൂടാതെ ചരക്കു സേവന നികുതിയുടെ ഭാഗമായ എസ്.ജി.എസ്.ടിയുടെ ഗണ്യമായ പങ്കും മാസത്തിന്റെ പകുതിയ്ക്കുശേഷവും ഐ.ജി. എസ്.ടി. വിഹിതം മാസാവസാനവും ജി.എസ്.ടി. നടപ്പിലാക്കുന്നത് വഴിയുണ്ടാകുന്ന റവന്യു നഷ്ടത്തിനുള്ള നഷ്ടപരിഹാരം 2 മാസത്തിലൊരിക്കലുമാണ് ലഭിച്ചുവരുന്നത്. സംസ്ഥാനത്തിന്റെ വരവും ചെലവും വിഭിന്നമായി ക്രമീകരിക്കപ്പെട്ടിട്ടുള്ളതിന്റെ ഫലമായി ഉടലെടുക്കുന്ന |

| | | |
|---|---|---|
| | | Resource Gap പലപ്പോഴും, റിസർവ്വ് ബാങ്കിന്റെ ഹ്രസ്വകാല ലിക്വിഡിറ്റി മാനേജ് മെന്റിനുള്ള ഉപാധികളായ സ്പെഷ്യൽ ഡ്രോയിംഗ് ഫെസിലിറ്റി, വെയ്സ് ആന്റ് മീൻസ്, ഓവർ ഡ്രാഫ്റ്റ് എന്നിവ മുഖാന്തിരം ശേഖരിക്കാവുന്ന പരിധിക്കും മുകളിലാണ്. സംസ്ഥാനത്തിന് ഒഴിവാക്കുവാനാകാത്ത മേൽ ലിക്വിഡിറ്റി പ്രതിസന്ധി പരിഹരിക്കുന്നതിനായി പൊതുവിപണിയിൽ നിന്നുള്ള കടമെടുക്കലും, ആർ.ബി.ഐ.യുടെ ഹ്രസ്വകാല ലിക്വിഡിറ്റി മാനേജ്മെന്റ് ഉപാധികളും ഫലപ്രദമായി ഉപയോഗിച്ചു കൊണ്ടും നിർബന്ധിതമല്ലാത്ത ചെലവുകൾ വരവിന് അനുസൃതമായി മാറ്റിവച്ചുകൊണ്ടും അനാവശ്യ ചെലവുകൾ നിയന്ത്രിച്ചു കൊണ്ടും ധൂർത്ത് ഒഴിവാക്കിയുമുള്ള ബഹുമുഖ തന്ത്രമാണ് സർക്കാർ നിലവിൽ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നത്. നികുതിയേതര വരുമാനം കാലാനുസൃതമായി വർദ്ധനവ് വരുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു |
| (ബി) | സാമ്പത്തിക പ്രതിസന്ധി മറികടക്കാൻ ഒരു പ്രത്യേക സപ്പോർട്ടിംഗ് പാക്കേജ് പരിഗണനയിലുണ്ടോ എന്ന് വ്യക്തമാക്കാമോ ? | വരുമാനം വർദ്ധിപ്പിച്ചും സാമ്പത്തിക അച്ചടക്കം പുലർത്തിയും ധനമാനേജ്മെന്റ് നടത്തുക എന്നതാണ് നയം. സാമൂഹ്യക്ഷേമ ചെലവുകളിൽ വെട്ടിക്കുറവോ പിശുക്കോ ഉണ്ടാകില്ല. |

സെക്ഷൻ ഓഫീസർ